പട്ടയം നല്കുന്നതിന് പകരമായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 90 ഏക്കർ റവന്യൂ ഭൂമി കണ്ടെത്തി വനം വകുപ്പിന് കൈമാറുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ജില്ലാ കളക്ടർ ദേവികുളം താലൂക്കിൽ കീഴാന്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 50-ൽ റീസർവ്വേ 4-(1)-ൽപ്പെട്ട 90 ഏക്കർ ഭൂമി ഈ ആവശ്യത്തിന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പരിഹാര വനവത്ക്കരണത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഇതിന്റെ നടപടികളിലേക്കെന്നും പോയിട്ടില്ലായെന്നാണ്. അതുശരിയല്ല. ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഇടുക്കി ജില്ലയിൽ കീഴാന്തൂർ വില്ലേജിൽ ഭൂമി കണ്ടെത്തി നടപടികളുമായി മുന്നോട്ടുപോയിട്ടുള്ളത്. തീർച്ചയായും അതിന്റെ ബാക്കി നടപടികൾ പൂർത്തീകരിക്കുന്നതനുസരിച്ച് ഇവിടെനിന്ന് മാറ്റിപ്പാർപ്പിച്ചിട്ടുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) ഏറനാടൻ ചെട്ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങളെ ഒ.ബി.സി. ലിസ്റ്റിൽനിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഏറനാടൻ ചെട്ടി സമൂഹത്തെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വയനാട്ടിലെ വിവിധ പഞ്ചായത്തുകളിലായി ഏകദേശം 3500-നുതാഴെ ജനസംഖ്യയുള്ള വിഭാഗമാണ് ഈ രണ്ട് സമുദായങ്ങളും. നൂറ്റാണ്ടുകൾക്ക് മുമ്പ് കർണ്ണാടകയിൽനിന്നും കുടിയേറിപ്പാർത്ത ഇവർ കന്നഡയും മലയാളവും കലർന്ന ഭാഷയാണ് സംസാരിക്കുന്നത്. ഇവരുടെ ജന്മദേശം ഏതാണെന്നുള്ളതിന് വ്യക്തമായ തെളിവുകളില്ല. 23-5-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 30 ഒ.ബി.സി. ജാതിക്കാരെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചപ്പോൾ ഈ രണ്ടു സമുദായക്കാർക്കും അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രണ്ടു സമുദായക്കാരെയും ഒ.ബി.സി. ലിസ്റ്റിൽ നിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം നല്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങള ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 30 വിഭാഗങ്ങളിൽ ഒരു വിഭാഗത്തെപ്പോലും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മറിച്ച് ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാനുള്ള തീരുമാനമാണെടുത്തിട്ടുള്ളത്. അതിൽ ചെട്ടിവിഭാഗത്തിലെ കോട്ടാർ ചെട്ടീസ്, പറക്കൽ ചെട്ടീസ്, ഏലൂർ ചെട്ടീസ്, ആറ്റിങ്ങൽ ചെട്ടീസ്, പുതുക്കട ചെട്ടീസ്, ഇരണിയൽ ചെട്ടീസ്, ശ്രീപണ്ടാര ചെട്ടീസ്, തെലുഗ ചെട്ടീസ്, ഉദിയൻകളങ്ങര ചെട്ടീസ്, പേരൂർക്കട ചെട്ടീസ്, സാധു ചെട്ടീസ്, ഇരുപത്തിനാലുമന ചെട്ടീസ്, വയനാടൻ ചെട്ടീസ്, കലവറ ചെട്ടീസ്, ഇരുപത്തിനാലുമന തെലുഗ ചെട്ടീസ് എന്നീ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വയനാട് ജില്ലയിലുള്ള ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി വിഭാഗങ്ങളെക്കൂടി ഈ പരിധിക്കകത്ത് കൊണ്ടുവന്ന് ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുവാൻ പിന്നോക്കക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിൽ തീർച്ചയായും ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

(13) പന്തളം-കാരയ്ക്കാട് ഭാഗത്തുണ്ടാകുന്ന അപകടം ഒഴിവാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ : സർ, എം.സി. റോഡിൽ പന്തളം മുതൽ കാരയ്ക്കാടുവരെയുള്ള ഭാഗങ്ങളിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളിൽ നിരവധിപ്പേർ മരിക്കുന്ന സംഭവങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയിട്ടുള്ള മുൻകരുതലുകൾ എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. രാജ്യാന്തര നിലവാരത്തിൽ നവീകരിച്ച എം.സി. റോഡിൽ പറന്തൽ മുതൽ പന്തളം-ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികളോ സംരക്ഷണ പ്രവൃത്തികളോ നടക്കാത്തതിനാൽ വശങ്ങൾ ഇടിഞ്ഞുതുടങ്ങി. ലോകബാങ്കിന്റെ സേഫ് സോൺ പദ്ധതിയിൽ തിരുവനന്തപുരം മുതൽ അടൂർ വരെ മാത്രം ഉൾപ്പെടുത്തിയതോടെ പറന്തൽ, കുരമ്പാല, പന്തളം, കുളനട, ചെങ്ങന്നൂർ വരെയുള്ള കെ.എസ്.ടി.പി.-യുടെ ആദ്യഭാഗ നിർമ്മാണത്തിലുൾപ്പെടുത്തി നിർമ്മിച്ച പ്രദേശങ്ങളിൽ റോഡ് പരിപാലനം നാമമാത്രമായി. പറന്തൽ മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിലെ ടാർ മാർക്കുകളും സൂചകങ്ങളും മാഞ്ഞു. വെള്ള-ചുവപ്പ്

LIBRARY ARCHIVES Kerala Legislative Assembly